(ഡി) ഇല്ലെങ്കിൽ ഇതിനു വേണ്ട സംവിധാനം ഉണ്ടാക്കി ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള കാലതാമസം ആവർത്തിക്കാതിരിക്കാൻ ശ്രമിക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) ഷൊർണ്ണൂർ-മാംഗ്ലൂർ, തിരുവനന്തപുരം-കൊല്ലം എന്നീ പാതകളുടെ ഇരട്ടിപ്പിക്കലിനു കൂടുതൽ തുക അനുവദിക്കണമെന്നും, ഈറോഡ്-എറണാകുളം, തിരുവനന്തപുരം-എറണാകുളം ഇലക്ട്രിഫിക്കേഷൻ വേഗതയിൽ തീർക്കുന്നതിന് കൂടുതൽ പണം അനുവദിക്കണമെന്നും പുതിയ ലൈനുകളായ തലശ്ശേരി-മൈസൂർ-ശബരീ, എടപ്പള്ളി-ഗുരുവായൂർ-താനൂർ എന്നിവയുടെ സർവ്വേ ജോലികൾ പൂർത്തീകരിച്ച് പണി തുടങ്ങുന്നതിന് ഫണ്ട് അനുവദിക്കണമെന്നും, കൊല്ലം-ചെങ്കോട്ട ഗേറ്റ് കൺവെൻഷൻ, കായംകുളത്തുനിന്നും ആലപ്പുഴ വഴിയുള്ള ലൈനിന്റെയും കോട്ടയം വഴിയുള്ള ലൈനിന്റെയും ഇരട്ടിപ്പിക്കൽ എന്നീ പണികൾ അംഗീകരിക്കുകയും അതിനായി പണം അനുവദിക്കണമെന്നും നേമം, നെടുമ്പാശ്ശേരി എന്നീ സ്ഥലങ്ങളിൽ സ്റ്റേഷനുകൾ അനുവദിക്കണമെന്നും, കേരളത്തിനായി ഒരു റെയിൽവേ സോൺ ആരംഭിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. കൂടാതെ, കേരളത്തിൽ ഒരു കോച്ച് ഫാക്ടറിയോ, അല്ലെങ്കിൽ കുറഞ്ഞ പക്ഷം കോച്ചുകളുടെ ഒരു മിഡ് ലൈഫ് റീഹാബിലിറ്റേഷൻ വർക്ക്ഷോപ്പെങ്കിലും ആരംഭിക്കണമെന്നും മുഖ്യമന്ത്രി നേരിട്ട് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു.

(ബി) ശ്രീ. നിതീഷ്കുമാർ കേന്ദ്ര റെയിൽവേ മന്ത്രിയായിരുന്നപ്പോഴും പിന്നീട് കുമാരി മമതാ ബാനർജി കേന്ദ്ര റെയിൽവേ മന്ത്രിയായി ചുമതലയേറ്റ ഉടനെയും മുഖ്യമന്ത്രി തന്റെ 12-11-99-ലെ കത്തിലൂടെ കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾ അക്കമിട്ട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ 26-11-99 -ലും 31-1-2000 ലും കേന്ദ്ര സർക്കാരിനെ റെയിൽവേ സംബന്ധിച്ച് കേരളത്തിന്റെ ആവശ്യങ്ങൾ അറിയിക്കുകയുണ്ടായി.

(സി&ഡി) ഓരോ പാർലമെന്റ് ബഡ്ജറ്റ് സെഷൻ തുടങ്ങുന്നതിന് മുമ്പ് എം. പി. മാരുടെ യോഗം വിളിച്ചുകൂട്ടി റെയിൽവേ ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾ അവർ മുഖേന കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാറുണ്ട്. കൂടാതെ സംസ്ഥാന റെയിൽവേയുടെ ചുമതലയുള്ള ഗതാഗതവകുപ്പു മന്ത്രി, മുഖ്യമന്ത്രി എന്നിവർ നേരിട്ടും കത്തുകൾ മുഖാന്തിരവും കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് സംസ്ഥാനത്തിന്റെ വിവിധ റെയിൽവേ വികസന കാര്യങ്ങൾ ആവശ്യപ്പെടാറുണ്ട്. കൂടുതൽ കാര്യക്ഷമമായി കാര്യങ്ങൾ നടത്താൻ പരിശ്രമിക്കുന്നതാണ്.

കൃഷിവകുപ്പിലെ പരിഷ്ക്കരണ നടപടികൾ

16 (*665) ശ്രീ. എം. ദാസൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിവകുപ്പിൽ ഏതെങ്കിലും പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ബി) കൃഷിവകുപ്പിനെ മൂന്നുമേഖലകളാക്കി പ്രവർത്തനം കാര്യക്ഷമമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(സി) കൃഷിവകുപ്പിൽ വിജിലൻസ് സെൽ രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഏതെങ്കിലും അഴിമതി ആരോപണങ്ങൾ അന്വേഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ ;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) കൃഷിവകുപ്പിൽ ദീർഘകാലമായി ഒഴിഞ്ഞുകിടന്ന കൃഷി ഓഫീസർമാരുടെ തസ്തികകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ജി) സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളിലും കൃഷി ഓഫീസർമാർ ഉണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) കൃഷിവകുപ്പിൽ ഒഴിവുള്ള കൃഷിഓഫീസർമാരുടെ തസ്തിക യഥാസമയം പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാറില്ലെന്ന ആക്ഷേപം പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഐ) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം കൃഷി ഓഫീസർമാരുടെ എത്ര തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്. കൃഷിവകുപ്പ് പുനഃസംഘടനയുടെ ഭാഗമായി നിലവിലുള്ള അഞ്ച് അഡീഷണൽ ഡയറക്ടർ തസ്തികകളിൽ ഒരു തസ്തിക കൃഷിവകുപ്പ് ഡയറക്ടറുടെ ശമ്പള സ്കെയിലിൽ അഡീഷണൽ ഡയറക്ടർ (സീനിയർ) എന്ന പേരിൽ ഉയർത്താൻ അനുമതി നൽകിയിട്ടുണ്ട്. കൃഷി ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർ (ഹോർട്ടികൾച്ചറർ), അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) എന്നിവരെക്കൂടാതെ രണ്ട് അഡീഷണൽ ഡയറക്ടർമാരെ നോർത്ത് സോൺ, സൗത്ത് സോൺ മേഖലകളുടെ നടത്തിപ്പ് ലക്ഷ്യമാക്കി പുനഃനാമകരണം ചെയ്ത് ഉത്തരവായിട്ടുമുണ്ട്. ഒരു സ്പെഷ്യൽ വിജിലൻസ് സെൽ രൂപീകരിച്ചു. കീടബാധകളും മറ്റും അടിയന്തിരമായി ശ്രദ്ധിക്കുവാൻ ഒരു ദ്രുതകർമ്മ വിഭാഗവും ഊർജ്ജിത പച്ചക്കറിക്കൃഷിയുടെ മേൽനോട്ടത്തിന് ഒരു വെജിറ്റബിൾ സെല്ലും രൂപീകരിച്ചു.

(ബി) നോർത്ത് സോണിനും സൗത്ത് സോണിനുമായി രണ്ട് അഡീഷണൽ ഡയറക്ടർമാർ പ്രവർത്തിച്ചുവരികയാണ്. മദ്ധ്യമേഖലാ അഡീഷണൽ ഡയറക്ടർ

LIBRARY ARCHIVES Kerala Legislative Assembly

തസ്തിക സൃഷ്ടിക്കുന്ന കാര്യത്തിൽ തീരുമാനമാകുന്നതുവരെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകൾ ദക്ഷിണ മേഖലയിലും തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകൾ ഉത്തരമേഖലയിലും ആയിരിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) നിരവധി നടപടികൾ എടുത്തിട്ടുണ്ട്.

(ഇ) സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണം നടത്തിയ 132 കേസുകളിൽ നാൽപ്പതിൽപരം കേസുകളിൽ അഴിമതി കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 21 ഉദ്യോഗസ്ഥരെ സസ്പെൻഡുചെയ്യുകയും 68 ഓളം ഉദ്യോഗസ്ഥന്മാർക്കെതിരെ അച്ചടക്ക നടപടികൾ, ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം തുടങ്ങിയവ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 300-ൽപ്പരം പഴയ കേസുകളിൽ വിജിലൻസ് സെൽ അച്ചടക്കനടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കൃഷി ഓഫീസർമാരുടെ നിരവധി തസ്തികകൾ ഒഴിഞ്ഞു കിടന്നിരുന്നു. അവയെല്ലാം തന്നെ പി.എസ്.സി.വഴി നികത്തി. ഇപ്പോൾ എല്ലാ തസ്തികകളിലും ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ആദ്യമായി ടിഷ്യുകൾച്ചർ, ബയോ കൺട്രോൾ തുടങ്ങിയ വിഭാഗങ്ങൾ ആരംഭിക്കുകയും ചെയ്തു.

(ജി) സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും കൃഷി ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സ്ഥിരം ഒഴിവുകൾ ഇപ്പോൾ ഇല്ല. കൃഷി ഓഫീസർമാർ ഹ്രസ്വകാല അവധി, പ്രസവാവധി എന്നിവയിൽ പ്രവേശിക്കുന്നതുമൂലം ചില കൃഷി ഭവനുകളിൽ കൃഷി ഓഫീസർമാർ ഇല്ലാത്ത അവസ്ഥ ഉണ്ടാകാറുണ്ട്. അങ്ങനെയുള്ള ഒഴിവുകൾ വെറും താൽക്കാലികം മാത്രമാണ്. ടി കൃഷിഭവനുകളുടെ പ്രവർത്തനം മുടങ്ങാതിരിക്കുന്നതിന് പ്രത്യേകം അധികച്ചുമതല നൽകി ക്രമീകരണം നടത്തിയിട്ടുണ്ട്. പകരം ഏർപ്പാടുകളുണ്ടാക്കാതെ ഒരു ഓഫീസറേയും മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(എച്ച്) യഥാസമയം പി.എസ്.സി.ക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

(ഐ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പി.എസ്.സി. മുഖേന 508 പേരെയും കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം വഴി 50 പേരെയും കൃഷി ഓഫീസർ തസ്തികയിൽ നിയമിച്ചിട്ടുണ്ട്.

വിദ്യാലയങ്ങളിലെ പച്ചക്കറികൃഷി

17 (*666) ശ്രീ. ജോസ് ബേബി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. നാരായണൻ :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly